**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5544** **05-07-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയിലെ നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുവാനും ക്ഷീരവികസന മേഖലകളിൽ നിരവധി മാറ്റങ്ങൾ കൊണ്ടുവരാനുമുള്ള എന്തൊക്കെ നൂതന പദ്ധതികൾക്കാണ് സർക്കാർ രൂപം കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുവാനും ക്ഷീരമേഖലയിൽ നിരവധി മാറ്റങ്ങൾ കൊണ്ടു വരുന്നതിനുമായി നൂതന പദ്ധതികൾക്ക് സർക്കാരിന്റെ നേതൃത്വത്തിൽ ക്ഷീരവികസന വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.<br><br>i.ഗ്രാമീണവിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശ സർവ്വീസും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 'ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും, സ്വയം സഹായ ഗ്രൂപ്പുകൾക്കും Assistance for Manufacturing and Marketing Value Added Products & Bio-Inputs എന്ന ഘടക പദ്ധതിയിലൂടെ പാലുല്പന്ന നിർമ്മാണ യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനം, ഉപകരണങ്ങൾ വാങ്ങൽ, അസംസ്കൃത വസ്തുക്കൾ വാങ്ങൽ, ഉല്പന്നങ്ങളുടെ നിർമ്മാണം, ഉല്പന്നങ്ങളുടെ പാക്കിംഗ്, ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ്, എന്നിവയ്ക്കായി ധനസഹായം നൽകുന്നു.<br><br>ii.മിൽക്ക് ഷെഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വ്യക്തിഗത ഗുണഭോക്താക്കൾക്ക് 20 പശു യൂണിറ്റ്/ 10 പശു യൂണിറ്റ്, JLG – SHG മുതലായ രജിസ്റ്റേർഡ് ഗ്രൂപ്പുകൾക്ക് 5 പശു, 10 പശു യൂണിറ്റ് എന്നിവ നടപ്പിലാക്കുന്നു.<br><br>പ്രസ്തുത പദ്ധതികൾ കൂടാതെ മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുന്ന നൂതന ഘടക പദ്ധതികൾ താഴെ പറയുന്നവയാണ്:<br><br>**a) ക്ഷീരയുവ:-** Smart Dairy Farms-യുവസംരംഭകർക്കായുള്ള Special Dairy Package– പത്ത് പശുക്കളെ വാങ്ങുന്നതിനും, ഡയറി ഫാം ആധുനികവത്കരണവും, യന്ത്രവത്കരണവും, മലിനീകരണ നിയന്ത്രണം, ആവശ്യാധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി ഒരു ഗുണഭോക്താവിന് 4,64,000/- രൂപ സബ്സിഡി നൽകുന്നു). |

**b) ക്ഷീരലയം:-** തോട്ടം മേഖലയിലെ തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പ്രത്യേക പദ്ധതി. (തോട്ടം മേഖലയിലെ തൊഴിലാളികൾക്കായി 10 പശു യൂണിറ്റും, കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡ് ഉൾപ്പെടെയുള്ള ഘടകങ്ങൾക്ക് ഒരു യൂണിറ്റിന് 11,00,000/- രൂപ ധനസഹായം അനുവദിക്കുന്നു).

**c) ക്ഷീരതീരം:-** തീരദേശ/കയർ മേഖലയിലെ തൊഴിലാളികളുടെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനായുള്ള പദ്ധതി. (ഒരു ഗുണഭോക്താവിന് രണ്ട് പശുക്കളെ വീതം നൽകുന്ന പദ്ധതിയ്ക്ക് 1,29,000/- രൂപയാണ് സബ്സിഡി അനുവദിക്കുന്നത്).

**d) പലിശരഹിത വായ്പാ പദ്ധതി:-** പ്രസ്തുത പദ്ധതിയിലൂടെ ക്ഷീരകർഷകർ ക്ഷീരമേഖലയിലെ വിവിധ ആവശ്യങ്ങൾക്കായി ബാങ്ക് വായ്പ ഇനത്തിൽ എടുത്ത തുകയ്ക്ക് അടയ്ക്കേണ്ട പലിശയ്ക്ക് ആനുപാതികമായുള്ള തുക സബ്സിഡിയായി നൽകുന്നു.

**iii) കാലിത്തീറ്റ വിതരണ പദ്ധതി:-** പാൽ ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനായി പച്ചപ്പുല്ല്, വയ്ക്കോൽ, സൈലേജ്, TMR, ധാതുലവണ മിശ്രിതം എന്നിവ സബ്സിഡി നിരക്കിൽ നൽകി വരുന്നു.

**iv) വയനാട് പാക്കേജ്:-** വയനാട് ജില്ലയിലെ ക്ഷീരകർഷരും, ക്ഷീരമേഖലയും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് രക്ഷനേടുന്നതിനായി ഫാമുകളുടെ യന്ത്രവത്കരണവും ആധുനികവത്കരണവും, തീറ്റപ്പുൽക്കൃഷി സംരക്ഷിക്കുന്നതിനായി തീറ്റപ്പുൽക്കൃഷി തോട്ടങ്ങളിൽ ഇലക്ട്രിക് ഫെൻസിംഗ്, ക്ലീൻ മിൽക്ക് പ്രോഡക്ഷൻ കിറ്റ്, മിനറൽ മിക്സ്ച്ചർ വിതരണം എന്നിവയ്ക്ക് ധനസഹായം നൽകുന്നു.

**v)പുൽകൃഷി വികസന പദ്ധതി:-** സൈലേജ് നിർമ്മാണവും വിതരണവും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു.

കെ.എൽ.ഡി.ബോർഡ് രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ കീഴിൽ ABIP-SS സ്കീം 2023 ആഗസ്ററ് മാസം മുതൽ നടപ്പിലാക്കി വരുന്നു. മികച്ച പ്രത്യുൽപ്പാദന ക്ഷമതയുള്ള കിടാരികളുടേയും പശുക്കളുടേയും കൃത്രിമ ബീജാധാനത്തിനായി ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ സ്കീമിനു കീഴിൽ ലഭ്യമാക്കിയിട്ടുണ്ട്. ലിംഗനിർണ്ണയം നടത്തിയ

| | | | |
|---|---|---|---|
| | | | ബീജമാത്രകൾ കൃത്രിമ ബീജാധാനത്തിന് ഉപയോഗിക്കുമ്പോൾ 90 ശതമാനവും പശുക്കുട്ടികളെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നു.<br><br>പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് വഴി വിപണനം ചെയ്യുന്ന വിവിധതരം കാലിത്തീറ്റയ്ക്ക് വിപണി വിലയേക്കാൾ ഏകദേശം 35 രൂപ 6-5 രൂപ വരെ വിലക്കുറവിൽ ക്ഷീരകർഷകർക്ക് യഥേഷ്ടം ലഭ്യമാക്കുന്നുണ്ട്. |
| (ബി) | ഇത്തരം പദ്ധതികൾ കർഷകർക്ക് നേരിട്ടെത്തിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) | ഇത്തരം പദ്ധതികൾ ക്ഷീരകർഷകരിലേയ്ക്ക് എത്തിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും അഡ്വൈസറി സർവ്വീസസും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക്തലത്തിൽ കർഷക സമ്പർക്ക പരിപാടികൾ, ക്വാളിറ്റി അവയർനസ് പ്രോഗ്രാമുകൾ, ബ്ലോക്ക്/ജില്ല/ സംസ്ഥാന ക്ഷീരകർഷക സംഗമങ്ങൾ എന്നിവയിലൂടെ പ്രചാരണം നൽകി വരുന്നു. ഇവ കൂടാതെ, സോഷ്യൽ മീഡിയയിലൂടെയും പത്രമാധ്യമങ്ങളിലൂടെയും, ദൃശ്യമാധ്യമ ഉപകരണങ്ങളിലൂടെയും ക്ഷീരവികസന വകുപ്പിന്റെ നൂതന പദ്ധതികൾക്ക് പ്രചരണം നൽകി വരുന്നുണ്ട്.<br><br>ക്ഷീരകർഷകരുടെ വീട്ടുപടിക്കൽ ഇൻവിട്രോ ഫെർട്ടിലൈസേഷൻ സാങ്കേതികവിദ്യ മൊബൈൽ ഐ.വി.എഫ് ലബോറട്ടറി മുഖേന എത്തിക്കുന്നതായിരിക്കും. ഐ.വി.എഫ് ന് ഉന്നത ജനിതക മേന്മയുള്ള ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിക്കുന്നതിലൂടെ 90% പശുക്കിടാങ്ങളെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നതാണ്.<br><br>പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്ഷീരസംഘങ്ങൾ, സ്വകാര്യ ഡീലർമാർ തുടങ്ങിയവർ വഴിയാണ് കേരള ഫീഡ്സ് കാലിത്തീറ്റ ക്ഷീരകർഷകരിലേയ്ക്ക് നേരിട്ട് എത്തിക്കുന്നത്. കൂടാതെ ക്ഷീരകർഷകർക്ക് കേരള ഫീഡ്സ് ഫാക്ടറികളിൽ നിന്ന് നേരിട്ട് കാലിത്തീറ്റ വാങ്ങുന്നതിനായുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ